# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 193 — 10.12.2012-ൽ മറുപടിയ്ക്ക്

**ഇ.എഫ്.എൽ നിയമത്തിൽ ഭേദഗതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ. രാജേഷ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) പരിസ്ഥിതി ദുർബല നിയമത്തിൽ (ഇ. എഫ്.എൽ) മാറ്റം വരുത്തുന്നത് സംബന്ധിച്ച് വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് വനം വകുപ്പ് മന്ത്രി മുഖ്യമന്ത്രിയ്ക്ക് നല്കിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;<br>ബി) പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | എ) യും ബി)യും വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് ബഹു.മുഖ്യമന്ത്രിയ്ക്ക് കത്ത് നൽകിയിട്ടില്ല |
| സി) ഇ. എഫ്.എൽ. നിയമത്തിൽ എന്തെല്ലാംഭേദഗതികൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | സി) സർക്കാരിന്റെ പരിഗണനയിലുള്ള ഭേദഗതി നിർദ്ദേശങ്ങളുടെ കരട് അനുബന്ധം ആയി ചേർക്കുന്നു. |
| ഡി) 2011 നവംബറിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഔദ്യോഗികയോഗത്തിൽ ഇ.എഫ്.എൽ നിയമത്തിൽ എന്തെല്ലാം ഭേദഗതികൾ കൊണ്ടുവരണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്? | ഡി) 3.11.2011 ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വിശദമായ ചർച്ചകൾക്ക് ശേഷം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിലേക്ക് താഴെ പറയുന്ന തീരുമാനങ്ങൾ ഉണ്ടായി<br>1. നിയമത്തിന്റെ വകുപ്പ് 3(1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ കൃഷിഭൂമി ഇ.എഫ്.എൽ. വിജ്ഞാപനത്തിൽ പെട്ടുപോകാതിരിയ്ക്കാൻ മേലിൽ സ്ഥലം |

ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്യുന്നതിന് മുൻപ് ഭൂമി കൃഷിഭൂമിയാണോയെന്ന് ജില്ലാ കളക്ടർ (ചെയർമാൻ), ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (കൺവീനർ), ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, പ്രദേശത്തെ എം.എൽ.എ., പഞ്ചായത്ത് പ്രസിഡന്റ് , ജില്ലാ കൃഷി ഓഫിസർ എന്നിവർ അംഗങ്ങളായുള്ള ഒരു കമ്മിറ്റി സ്ഥലപരിശോധന നടത്തി പ്രസ്തുത സ്ഥലം കൃഷിഭൂമിയല്ലായെന്ന് ഉറപ്പു വരുത്തിയശേഷം മാത്രം വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ് .

2. ഇപ്പോഴത്തെ നിയമം അനുസരിച്ച്

ഇ.എഫ്.എൽ. ഓർഡിനൻസ് പ്രകാരം വിജ്ഞാപനം ചെയ്ത സ്ഥലങ്ങൾ സംബന്ധിച്ച പരാതികൾ മാത്രം പരിശോധിക്കുന്നതിനാണ്

ഇ. എഫ്. എൽ. കസ്റ്റോഡിയന് നിയമത്തിന്റെ

വകുപ്പ് 19 (3) (ബി) പ്രകാരം അധികാരം

നൽകിയിട്ടുള്ളത് ഇ.എഫ്. എൽ. ആക്റ്റ് പ്രകാരം വിജ്ഞാപനം ചെയ്ത ഭൂമി സംബന്ധിച്ച പരാതികളും പരിശോധിയ്ക്കുന്നതിന്

ഇ.എഫ്.എൽ. കസ്റ്റോഡിയന് അധികാരം

ഉണ്ടാകണം.

3. 2009 ലെ ഭേദഗതി നിയമത്തിലെ വകുപ്പ് 10 (എ) പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി ഒരു പ്രാവശ്യം കൂടി നീട്ടികൊടുക്കണം

സെക്ഷൻ ഓഫീസർ

അനുബന്ധം-4

## ഭേദഗതി നിർദ്ദേശങ്ങൾ (കരട്)

**3-ാം വകുപ്പിന്റെ ഭേദഗതി : 2003-ലെ കേരള വനം (പരിസ്ഥിതി ആക്ടിലെ (2005-ലെ 21) (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിൽ**

(2) -ാം ഉപവകുപ്പിൽ താഴെപറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:-

"എന്നാൽ അപ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു മുൻപ് പ്രസ്തുത ഭൂപ്രദേശത്തിൽ കൃഷിഭൂമി ഉൾപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച് 15എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള സ്ഥലപരിശോധന സമിതി പരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ട് കൂടി സൂക്ഷിപ്പുകാരൻ പരിഗണിക്കേണ്ടതും 1-ാം ഉപ വ കുപ്പ് പ്രകാരം നിക്ഷിപ്തമായിട്ടുള്ള ഭൂമിയിൽ കൃഷിഭൂമി കൂടി ഉൾപ്പെട്ടിട്ടുള്ള പക്ഷം ആയത് വിജ്ഞാപനത്തിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതുമാകുന്നു,

(2)-ാം ഉപവകുപ്പിലെ ക്ലിപ്ത നിബന്ധനക്കുശേഷം താഴെപറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

(3) (2)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഏതൊരു വിജ്ഞാപനവും സൂക്ഷിപ്പുകാരൻ അങ്ങനെയുള്ള ഭൂമിയുടെ ഉടമയുടെയോ കൈവശത്തിനും അനുഭവത്തിനും അവകാശമുള്ള മറ്റേതെങ്കിലും ആളുടേയോ അപേക്ഷയിന്മേൽ സൂക്ഷ്മ പരിശോധന നടത്തേണ്ടതും ആവശ്യമെങ്കിൽ അങ്ങനെയുള്ള വിജ്ഞാപനം ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി പുതുക്കി പുറപ്പെടുവിക്കേണ്ടതും ആകുന്നു

3, **10 എ വകുപ്പിന്റെ ഭേദഗതി**.- പ്രധാന ആക്റ്റിലെ 10 എ വകുപ്പ് (7)-ാം ഉപവകുപ്പിൽ "2009" എന്ന അക്കത്തിനു പകരം "2012" എന്ന അക്കം ചേർക്കേണ്ടതാണ്.

4. **15-ാം വകുപ്പിന്റെ ഭേദഗതി,-** പ്രധാന ആക്റ്റിലെ 15-ാം വകുപ്പിൽ,

(i) (2) -ാം ഉപവകുപ്പിലെ (xi)-ാം ഇനത്തിനുശേഷം താഴെപറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:-

(xii) പരിസ്ഥിതിവകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന അംഗം

ഗവ: ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ

(i i) (4)-ാം ഉപവകുപ്പിനുശേഷം താഴെപറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:-

<u>15 എ. സ്ഥല പരിശോധന സമിതിയുടെ രൂപീകരണം</u> - (1) 2012-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഭേദഗതി ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം കഴിയുന്നതും വേഗം 3-ാം വകുപ്പ് 2-ാം ഉപവകുപ്പിൻ കീഴിലുള്ള ക്ലിപ്ത നിബന്ധന പ്രകാരം ഭൂമി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനുവേണ്ടി സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി 'സ്ഥല പരിശോധന സമിതി' എന്ന പേരിൽ ഓരോ ജില്ലയിലും സമിതികൾ രൂപീകരിക്കാവുന്നതാണ്,

(2) സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:-

(i) ജില്ലാ കളക്ടർ, അദ്ദേഹം സമിതിയുടെ ചെയർമാൻ ആയിരിക്കേണ്ടതാണ്.

(ii) പ്രാദേശിക ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, അദ്ദേഹം സമിതിയുടെ കൺവീനർ ആയിരിക്കേണ്ടതാണ്.

(iii) പ്രാദേശിക ഫോറസ്റ്റ് റെയിഞ്ചാഫീസർ.

(iv) പരിശോധന വിധേയമാക്കുന്ന സ്ഥലമുൾപ്പെടുന്ന പ്രദേശത്തെ നിയമസഭാ സാമാജികൻ.

(v) പരിശോധന വിധേയമാക്കുന്ന സ്ഥലമുൾപ്പെടുന്ന പ്രദേശത്തെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്.

(vi) ജില്ലാ കൃഷി ഓഫീസർ

(3) സ്ഥലപരിശോധനാ സമിതി പരിസ്ഥിതി ദുർബ്ബല ഭൂപ്രദേശമായി വിജ്ഞാപനം ചെയ്യാൻ ഉദ്ദേശിക്കപ്പെട്ട ഭൂമി പരിശോധിക്കയും ആ ഭൂമിയിൽ കൃഷി ഉൾപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച പരിശോധനാ റിപ്പോർട്ട് ശുപാർശ സഹിതം സൂക്ഷിപ്പുകാരന് നല്കുകയും ചെയ്യേണ്ടതാണ്.



07/12/12

സെക്ഷൻ ഓഫീസർ